**മധുരമായ കുട്ടികളേ - മുഴുവൻ ദിവസവും നിങ്ങളുടെ ബുദ്ധിയിൽ സേവനത്തിന്റെ തന്നെ ചിന്തനം നടക്കണം, നിങ്ങൾക്ക് എല്ലാവരുടെയും മംഗളം ചെയ്യണം എന്തുകൊണ്ടെന്നാൽ നിങ്ങൾ അന്ധന്മാരുടെ ഊന്ന് വടിയാണ്.**

**ചോദ്യം:-** ഉയർന്ന പദവി നേടുന്നതിന് വേണ്ടി മുഖ്യമായ ഏതൊരു ധാരണ ആവശ്യമാണ്?
**ഉത്തരം:-** എപ്പോൾ തന്റെ കർമ്മേന്ദ്രിയങ്ങളുടെ മേൽ പൂർണ്ണമായ നിയന്ത്രണമുണ്ടാകുന്നുവോ അപ്പോൾ ഉയർന്ന പദവി ലഭിക്കും. അഥവാ കർമ്മേന്ദ്രിയങ്ങൾ വശപ്പെടുന്നില്ല, പെരുമാറ്റം ശരിയല്ല, വളരെയധികം ആഗ്രഹങ്ങളാണ്, അത്യാർത്തിയാണെങ്കിൽ ഉയർന്ന പദവിയിൽ നിന്ന് വഞ്ചിതരാകും. ഉയർന്ന പദവി നേടണമെങ്കിൽ മാതാ-പിതാവിനെ പൂർണ്ണമായി ഫോളോ ചെയ്യൂ. കർമ്മേന്ദ്രിയജിത്തായി മാറൂ.

**ഗീതം:-** കണ്ണ് കാണാത്തവർക്ക് വഴി കാണിക്കൂ പ്രഭോ.....

**ഓം ശാന്തി**. പ്രദർശിനിക്ക് വേണ്ടി ഈ ഗീതം വളരെ നല്ലതാണ്, പ്രദർശിനിയിൽ റിക്കാർഡ് വെക്കാൻ സാധ്യമല്ല എന്നല്ല. ഇത് വെച്ചും നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും എന്തുകൊണ്ടെന്നാൽ എല്ലാവരും വിളിക്കുന്നുണ്ട്. പക്ഷെ ഇതറിയുകയില്ല എവിടേക്ക് പോകണമെന്നും ആര് കൂട്ടികൊണ്ട് പോകുമെന്നും. ഡ്രാമ അഥവാ ഭാവിക്ക് വശപ്പെട്ട് ഭക്തർക്ക് ഭക്തി ചെയ്യണം. എപ്പോൾ ഭക്തി പൂർത്തിയാകുന്നുവോ അപ്പോഴാണ് ബാബ വരുന്നത്. വാതിലുകൾ തോറും എത്ര അലയുന്നു. മേളകൾ സംഘടിപ്പിക്കുന്നു. ദിനം-പ്രതിദിനം വർദ്ധനവുണ്ടാകുന്നു, ആദരവോടെ തീർത്ഥസ്ഥാനങ്ങളിൽ പോയി അലഞ്ഞ് തിരിഞ്ഞ് വരുന്നു. വളരെയധികം സമയമെടുക്കുന്നു എന്നിട്ടും ഗവൺമെന്റ് സ്റ്റാമ്പ് മുതലായവ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. സന്യാസിമാരുടെയും സ്റ്റാമ്പ് ഉണ്ടാക്കുന്നു. ജന്മദിനം ആഘോഷിക്കുന്നു. ഇതെല്ലാം രാവണ രാജ്യത്തിന്റെ അഥവാ മായയുടെ ഷോയാണ്, മായയുടെയും മേള വേണം. പകുതി കല്പം നിങ്ങൾ രാവണ രാജ്യത്തിൽ അലഞ്ഞുകൊണ്ടിരിന്നു. ഇപ്പോൾ ബാബ വന്ന് രാവണ രാജ്യത്തിൽ നിന്ന് മോചിപ്പിച്ച് രാമരാജ്യത്തിലേക്ക് കൂട്ടികൊണ്ട് പോകുന്നു. ലോകത്തിലുള്ളവർക്ക് ഇതറിയുകയില്ല സ്വയം തന്നെ പൂജ്യനും സ്വയം തന്നെ പൂജാരിയും ഇത് ആരുടെ മഹിമയാണ്. ആദ്യം 16 കലാ സമ്പൂർണ്ണം, പൂജ്യരായിരുന്നു പിന്നീട് 2 കല കുറഞ്ഞ് പോകുന്നു അപ്പോൾ അതിനെ സെമി എന്ന് പറയും. ഫുൾ പൂജ്യർ പിന്നീട് 2 കല കുറയുന്നതിലൂടെ സെമി പൂജ്യരെന്ന് പറയും. നിങ്ങൾക്കറിയാം പൂജാരിയിൽ നിന്ന് വീണ്ടും പൂജ്യരായി മാറികൊണ്ടിരിക്കുകയാണെന്ന്. പിന്നീട് സെമി പൂജ്യരാകും. ഇപ്പോൾ ഈ കലിയുഗത്തിന്റെ അവസാനത്തിൽ നമ്മുടെ പൂജാരിയുടെ പാർട്ട് ഇല്ലാതാകുന്നു. പൂജ്യരാക്കുന്നതിന് വേണ്ടി ബാബക്ക് വരേണ്ടി വരുന്നു. ഇപ്പോൾ ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. വിശ്വമാണെങ്കിൽ ഇതുമാണ്, അതുമാകും. അവിടെ വളരെ കുറച്ച് മനുഷ്യരെ ഉണ്ടാവുകയുള്ളൂ. ഒരു ധർമ്മമായിരിക്കും. അനേക ധർമ്മങ്ങളുണ്ടാകുന്നതിലൂടെയാണ് പ്രശ്നമുണ്ടാകുന്നത്.

ഇപ്പോൾ ബാബ യോഗ്യരാക്കി മാറ്റുന്നതിന് വന്നിരിക്കുകയാണ്. ബാബയെ എത്ര ഓർമ്മിക്കുന്നുവോ അത്രയും തന്റെയും മംഗളമുണ്ടാകും. നോക്കണം മംഗളം ചെയ്യാനുള്ള താല്പര്യം എത്ര ഉണ്ടെന്ന്! എങ്ങനയാണോ ആർട്ടിസ്റ്റുകൾ അവർക്ക് ചിന്തയുണ്ടാകുന്നു ഇങ്ങനെയിങ്ങനെയുള്ള ചിത്രം ഉണ്ടാക്കണം അതിലൂടെ മനുഷ്യർ നല്ല രീതിയിൽ മനസ്സിലാക്കും. നമ്മൾ പരിധിയില്ലാത്ത ബാബയുടെ സേവനമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കുന്നു. ഭാരതത്തെ സ്വർഗ്ഗമാക്കണം. പ്രദർശിനിയിൽ നോക്കൂ എത്രയധികം പേരാണ് വരുന്നത്. അതിനാൽ പ്രദർശിനിയിൽ ഇങ്ങനെയുള്ള ചിത്രമുണ്ടാക്കണം അത് ആർക്കു വേണമെങ്കിലും മനസ്സിലാകണം ഈ ചിത്രം കൃത്യമായ വഴി പറഞ്ഞുതരുന്നതാണെന്ന്. മേള മുതലായ എന്തെല്ലാമുണ്ടോ അതെല്ലാം അതിന്റെ മുന്നിൽ ഒന്നും തന്നെയല്ല. ആർട്ടിസ്റ്റ് ആരാണോ ഈ ജ്ഞാനം മനസ്സിലാക്കുന്നത്, അവരുടെ ബുദ്ധിയിലുണ്ടായിരിക്കും - ഇങ്ങനെയിങ്ങനെയുള്ള ചിത്രമുണ്ടാക്കണം അതിലൂടെ അനേകരുടെ മംഗളമുണ്ടാകും. രാവും പകലും ബുദ്ധി ഈ കാര്യത്തിൽ കുടുങ്ങി കിടക്കും. ഈ വസ്തുക്കളുടെ വളരെയധികം താല്പര്യമുണ്ടാകുന്നു. മരണമാണെങ്കിൽ പെട്ടെന്നാണ് വരുന്നത്. അഥവാ ചെരുപ്പ് മുതലായവയുടെ ഓർമ്മയിലിരിക്കുകയാണ്, മരണം വന്നുവെങ്കിൽ ചെരുപ്പിനെ പോലെയുള്ള ജന്മം ലഭിക്കും. ഇവിടെയാണെങ്കിൽ ബാബ പറയുകയാണ് ദേഹസഹിതം എല്ലാം മറക്കണം. ഇതും നിങ്ങൾക്ക് മനസ്സിലായി അച്ഛൻ ആരാണ്? ആരോടെങ്കിലും ചോദിക്കൂ ആത്മാക്കളുടെ അച്ഛനെ അറിയുമോ? ഇല്ല എന്ന് പറയുന്നു. എത്ര ഓർമ്മിക്കുന്നു, യാചിച്ചുകൊണ്ടിരിക്കുന്നു. ദേവിമാരോടും

പോയി യാചിക്കുന്നു. ദേവിയുടെ പൂജ ചെയ്തു എന്തെങ്കിലും ലഭിച്ചുവെങ്കിൽ അത് മതി അവരുടെ മേൽ സമർപ്പണമാകുന്നു. പിന്നെ പൂജാരിയേയും സമീപിക്കുന്നു, അവരും ആശിർവാദം മുതലായവ ചെയ്യുന്നു. എത്ര അന്ധവിശ്വാസമാണ്. അതിനാൽ ഇങ്ങനെയിങ്ങനെയുള്ള ഗീതങ്ങളുടെ മേൽ പ്രദർശിനിയിലും മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം. ഈ പ്രദർശിനിയാണെങ്കിൽ ഗ്രാമ-ഗ്രാമങ്ങളിൽ പോകും. ബാബ പാവങ്ങളുടെ നാഥനാണ്. പാവങ്ങളെ വേഗത്തിൽ ഉയർത്തണം. സമ്പന്നരാണെങ്കിൽ കോടിയിൽ ചിലരെ വരൂ. പ്രജയാണെങ്കിൽ ഒരുപാടുണ്ട്. ഇവിടെയാണെങ്കിൽ മനുഷ്യനിൽ നിന്ന് ദേവതയായി മാറണം. ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ആദ്യമാദ്യം ബാബയെ അറിയണം ബാബ നമ്മേ പഠിപ്പിക്കുകയാണെന്ന്. ഈ സമയം മനുഷ്യർ എത്ര കല്ലുബുദ്ധിയാണ്. കാണുന്നുമുണ്ട് ഇത്രയും സെന്ററുകളിൽ വരുന്നുണ്ട്, എല്ലാവർക്കും നിശ്ചയമുണ്ടോ! ബാബ, ടീച്ചർ, സത്ഗുരുവാണ്, ഇതു പോലും മനസ്സിലാക്കുന്നില്ല.

വേറെയൊരു ഗീതവുമുണ്ട് ഈ പാപത്തിന്റെ ലോകത്ത് നിന്ന്...... അതും നല്ലതാണ്, ഇത് പാപത്തിന്റെ ലോകം തന്നെയാണ്. ഭഗവാനുവാച – ഇത് ആസുരീയ സമ്പ്രദായമാണ്, ഞാൻ ഇതിനെ ദൈവീക സമ്പ്രദായമാക്കി മാറ്റുന്നു. പിന്നെ മനുഷ്യർക്ക് എങ്ങനെ ഈ കാര്യം ചെയ്യാൻ സാധിക്കും. ഇവിടെ എല്ലാ കാര്യവും ബുദ്ധിയുടെതാണ്. ഭഗവാൻ പറയുന്നു നിങ്ങൾ പതിതരാണ്, നിങ്ങളെ ഭാവിയിലേക്ക് വേണ്ടി പാവന ദേവതയാക്കി മാറ്റുന്നു. ഈ സമയം എല്ലാവരും പതിതരാണ്. പതിതം എന്ന വാക്ക് തന്നെ വികാരത്തെ സംബന്ധിച്ചതാണ്. സത്യയുഗത്തിൽ നിർവികാരീ ലോകമായിരുന്നു. ഇത് വികാരീ ലോകമാണ്. കൃഷ്ണന് 16108 റാണിമാരെ കാണിച്ചിരിക്കുന്നു. ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ഏതെല്ലാം ശാസ്ത്രം ഉണ്ടാക്കിയിട്ടുണ്ടോ, അതിൽ നിന്ദ ചെയ്തിരിക്കുന്നു. ബാബ ആരാണോ സ്വർഗ്ഗം ഉണ്ടാക്കുന്നത് ആ ബാബയെയും എന്തെല്ലാമാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ നിങ്ങളെ എത്ര ഉയർന്നവരാക്കി മാറ്റുന്നു. എത്ര നല്ല ശിക്ഷണമാണ് നൽകുന്നത്. ഇതാണ് സത്യം സത്യമായ സത്സംഗം. ബാക്കി എല്ലാം അസത്യമായ സംഗമാണ്. അങ്ങനെയുള്ളവരെ പരംപിതാ പരമാത്മാവ് വന്ന് വീണ്ടും വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാബ മനസ്സിലാക്കി തരുന്നു കുട്ടികളെ, നിങ്ങൾക്കിപ്പോൾ അന്ധന്മാരുടെ ഊന്ന് വടിയായി മാറണം. ആരാണോ സ്വയം തന്നെ അലങ്കരിക്കാത്തത് അവർ പിന്നെ മറ്റുള്ളവരുടെ ഊന്ന്വടി എങ്ങിനെയാകും! കേവലം ജ്ഞാനത്തിന്റെ വിനാശം ഉണ്ടാകുന്നില്ല. ഒരു തവണ അച്ഛൻ അമ്മ എന്ന് പറഞ്ഞുവെങ്കിൽ എന്തെങ്കിലുമൊക്കെ ലഭിക്കണം. പക്ഷെ നമ്പർവൈസ് പദവിയാണല്ലോ. പെരുമാറ്റത്തിലൂടെ കുറെയൊക്കെ അറിയാൻ കഴിയുന്നു. എങ്കിലും പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. എന്താണോ ലഭിച്ചത് അത് മതി, ഇങ്ങനെയല്ല. പുരുഷാർത്ഥത്തിലൂടെ ഉയർന്ന പ്രാലബ്ധം ലഭിക്കണം. പുരുഷാർത്ഥമില്ലെങ്കിൽ വെള്ളം പോലും ലഭിക്കുകയില്ല. ഇതിനെ കർമ്മക്ഷേത്രം എന്ന് പറയുന്നു, ഇവിടെ കർമ്മം ചെയ്യാതെ മനുഷ്യർക്കിരിക്കാൻ സാധ്യമല്ല. കർമ്മ സന്യാസം അർത്ഥം തന്നെ തെറ്റാണ്. ഒരുപാട് ഹഠയോഗം ചെയ്യുന്നു. വെള്ളത്തിന് മുകളിൽ, അഗ്നിക്ക് മുകളിൽ നടക്കാൻ പഠിക്കുന്നു. പക്ഷെ എന്ത് ലാഭം കിട്ടി? വെറുതെ ആയുസ്സ് കളയുന്നു. രാവണന്റെ ദുഃഖത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഭക്തി ചെയ്യുന്നു. രക്ഷപ്പെട്ട് പിന്നെ തിരിച്ച് പോകണം അതിന് വേണ്ടി എല്ലാവരും ഓർമ്മിക്കുന്നു, നമ്മൾ മുക്തിധാമത്തിൽ പോകുമോ അതോ സുഖധാമത്തിൽ പോകുമോ. രണ്ടും കഴിഞ്ഞു പോയി. ഭാരതം സുഖധാമമായിരുന്നു, ഇപ്പോൾ നരകമാണ് അപ്പോൾ നരകവാസിയെന്ന് പറയുമല്ലോ. നിങ്ങൾ സ്വയം പറയുന്നു ഇന്നയാൾ സ്വർഗ്ഗവാസിയായി. ശരി അപ്പോൾ നരകത്തിലാണല്ലോ. സ്വർഗ്ഗത്തിന് വിപരീതം നരകമാണ്. ബാക്കി അത് ശാന്തിധാമമാണ്. വലിയ വലിയ ആളുകൾ ഇത്രയും പോലും മനസ്സിലാക്കുന്നില്ല. സ്വയത്തെ സ്വയം തന്നെ തെളിയിക്കുന്നു നമ്മൾ നരകത്തിലാണ്. വളരെ യുക്തിയോടെ തെളിയിച്ച് പറഞ്ഞു കൊടുക്കണം. ഈ പ്രദർശിനി വളരെയധികം ചെയ്ത് കാണിക്കും. ഈ സമയം മനുഷ്യർ എത്ര പാപം ചെയ്യുന്നു. സ്വർഗ്ഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടായിരിക്കുകയില്ല. അവിടെയാണെങ്കിൽ പ്രാലബ്ധമാണ്. നിങ്ങളിപ്പോൾ വീണ്ടും സ്വർഗ്ഗത്തിലേക്ക് പോവുകയാണ്, നിങ്ങൾ പറയും ഞങ്ങൾ അനേകം തവണ ഈ വിശ്വത്തിന്റെ അധികാരിയായി മാറിയിട്ടുണ്ട്, ഇപ്പോൾ വീണ്ടും മാറികൊണ്ടിരിക്കുകയാണ്. ലോകത്തിൽ ആർക്കും തന്നെ അറിയുകയില്ല. നിങ്ങളിലും ചിലർ മനസ്സിലാക്കുന്നു. ഈ കളിയിൽ നിന്ന് ആർക്കും രക്ഷപ്പെടാൻ സാധിക്കില്ല. മനുഷ്യർ മോക്ഷവും അപ്പോഴാണ് ആഗ്രഹിക്കുന്നത്, എപ്പോഴാണോ ദുഖിതരാകുന്നത്. ബാബയാണെങ്കിൽ പറയുന്നു – നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യൂ. അച്ഛനെയും അമ്മയേയും ഫോളോ ചെയ്ത് നല്ല പദവി പ്രാപ്തമാക്കൂ, തന്റെ പെരുമാറ്റത്തെ ശരിയാക്കൂ. ബാബയാണെങ്കിൽ വഴി പറഞ്ഞു തരുന്നുണ്ട് പിന്നെ ആ വഴിയേ എന്തു കൊണ്ട് നടക്കുന്നില്ല. കൂടുതൽ ആഗ്രഹങ്ങൾ വെക്കരുത്. യജ്ഞത്തിൽ നിന്ന് എന്താണോ ലഭിക്കുന്നത് അത് കഴിക്കണം. അത്യാർത്തി, കർമ്മേന്ദ്രിയങ്ങൾ വശപ്പെടുന്നില്ല എങ്കിൽ ഉയർന്ന പദവിയും ലഭിക്കുകയില്ല. അതിനാൽ ഇങ്ങനെയിങ്ങനെയുള്ള ഗീതങ്ങൾ പ്രദർശിനിയിൽ വെക്കണം അതിന് മേൽ മനസ്സിലാക്കി കൊടുക്കാൻ

സാധിക്കും.

നിങ്ങൾ ശിവബാബയുടെ കുടുംബമാണ്. ശിവബാബയുടെ മുകളിൽ ആരും തന്നെയില്ല. മറ്റെല്ലാവരുടെയും മുകളിലാണെങ്കിൽ ആരെങ്കിലുമൊക്കെ വരും. 84 ജന്മത്തിൽ 84 മുത്തച്ഛനും, അച്ഛനും ലഭിക്കുന്നു. ശിവബാബ രചയിതാവാണ്, ഇപ്പോൾ പുതിയ രചന രചിച്ചുകൊണ്ടിരിക്കുകയാണ് അർത്ഥം പഴയതിനെ പുതിയതാക്കി മാറ്റുന്നു. നിങ്ങൾക്കറിയാം നമ്മൾ കറുപ്പിൽ നിന്ന് വെളുത്തവരാകുന്നു, സ്വർഗ്ഗത്തിൽ ശ്രീ കൃഷ്ണൻ നമ്പർവൺ ആണ്. പിന്നീട് ലാസ്റ്റിൽ അവരുടെ ജന്മമാണ്. പിന്നീട് ഇവർ തന്നെ ആദ്യ നമ്പറാകുന്നു. ശ്രീ കൃഷ്ണൻ പൂർണ്ണമായും 84 ജന്മമെടുക്കുന്നു. സൂര്യവംശീ ദൈവീക സമ്പ്രദായക്കാർ പൂർണ്ണമായി 84 ജന്മമെടുക്കും. ബാബ പറയുന്നു ആദ്യ നമ്പറിലുണ്ടായിരുന്ന ശ്രീകൃഷ്ണന്റെ തന്നെ അന്തിമ ജന്മത്തിൽ പ്രവേശിച്ച് വീണ്ടും അവരെ ശ്രീകൃഷ്ണനാക്കി മാറ്റുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) യാതൊരു വിനാശിയായ ആഗ്രവും വയ്ക്കരുത്. തന്റെയും സർവ്വരുടെയും മംഗളം ചെയ്യണം.

2) ദേഹസഹിതം എല്ലാം മറന്ന് തിരിച്ച് വീട്ടിലേക്ക് പോകണം - അതിനാൽ പരിശോധിക്കണം ബുദ്ധി ഒന്നിലും കുടുങ്ങിയിട്ടില്ലല്ലോ.

## വരദാനം:- സ്വാഭാവിക ശ്രദ്ധയെ തന്റെ സ്വഭാവമാക്കി മാറ്റുന്ന സ്മൃതി സ്വരൂപരായി ഭവിക്കൂ

സൈന്യത്തിൽ ആരാണോ സൈനികരായുള്ളത് അവർ ഒരിക്കലും അശ്രദ്ധരായിരിക്കില്ല, സദാ ശ്രദ്ധയോടെയും ജാഗ്രതയോടെയും കഴിയുന്നു, താങ്കളും പാണ്ഢവ സേനയാണ് ഇതിൽ അൽപം പോലും അശ്രദ്ധ ഉണ്ടായിരിക്കരുത്. ശ്രദ്ധ ഒരു സ്വാഭാവിക വിധിയായി മാറണം. പലരും ശ്രദ്ധ വയ്ക്കുന്നതിന്റയും സമ്മർദ്ദത്തിലേക്ക് വരുന്നു. എന്നാൽ സമ്മർദ്ദത്തോടെയുള്ള ജീവിതം സദാ നയിക്കുക സാധ്യമല്ല, അതുകൊണ്ട് സ്വാഭാവികമായ ശ്രദ്ധ തന്റെ സ്വഭാവമാക്കൂ. ശ്രദ്ധ വയ്ക്കുന്നതിലൂടെ സ്വതവേ സ്മൃതി സ്വരൂപരായി തീരും, വിസ്മൃതിയുടെ ശീലം ഇല്ലാതാകും.

## സ്ലോഗൻ:- സ്വയം തന്റെ ടീച്ചറാകൂ എങ്കിൽ സർവ്വ ദുർബലതകളും സ്വതവേ സമാപ്തമാകും.

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം**

**1) ഓർമ്മയുടെ സംബന്ധം ജ്ഞാനവുമായാണ്, ജ്ഞാനം കൂടാതെ ഓർമ്മ യഥാർത്ഥമായിരിക്കില്ല**
ഏറ്റവും ആദ്യം മനുഷ്യന് തന്റെ സുഖകരമായ ജീവിതം ഉണ്ടാക്കുന്നതിന് വേണ്ടി ഏതൊരു മുഖ്യമായ പോയന്റാണ് ബുദ്ധിയിൽ വയ്ക്കേണ്ടത്? ഏറ്റവും ആദ്യം ഈ മുഖ്യമായ കാര്യം മനസ്സിലാക്കണം ഏത് പരമാത്മാ പിതാവിന്റെ സന്താനമാണോ നമ്മൾ, ആ ബാബയുടെ ഓർമ്മയിൽ ഓരോ നിമിഷവും, ശ്വാസ ശ്വാസവും ഉപസ്ഥിതനായിരിക്കണം, ഈ അഭ്യാസത്തിൽ കഴിയുന്നതിന്റെ പൂർണ്ണ രീതിയിലുള്ള പുരുഷാർത്ഥം ചെയ്യണം. ശ്വാസ-ശ്വാസം എന്നതിന്റെ അർത്ഥമാണ്, നിരന്തരം ബുദ്ധിയോഗം യോജിച്ചിരിക്കണം, അതിനെയാണ് നിരന്തരയോഗം, മുറിയാത്ത അജപാജപ ഓർമ്മ എന്ന് പറയുന്നത്, ഇത് വായിലൂടെ ജപിക്കുന്ന ഓർമ്മയല്ല മൂർത്തി മുന്നിൽ വച്ച് അതിനെ ഓർമ്മിക്കലുമല്ല. എന്നാൽ ഇത് ബുദ്ധിയോഗത്തിലൂടെ ഓർമ്മ വയ്ക്കണം, ഇപ്പോൾ ആ ഓർമ്മയും നിരന്തരമായി അപ്പോഴാണ് ഉണ്ടായിരിക്കുക എപ്പോഴാണോ പരമാത്മാവിന്റെ പൂർണ്ണമായ പരിചയമുള്ളത്, അപ്പോൾ മാത്രമേ പൂർണ്ണമായ ധ്യാനം വയ്ക്കാൻ സാധിക്കൂ. എന്നാൽ പരമാത്മാവ് ഗീതയിൽ വ്യക്തമായി പറയുന്നുണ്ട്, എന്നെ ധ്യാനത്തിലൂടെ, ജപത്തിലൂടെ ലഭിക്കുകയില്ല എന്റെ രൂപം മുന്നിൽ വച്ച് അതിന്റെ ധ്യാനവുമല്ല ചെയ്യേണ്ടത് എന്നാൽ ജ്ഞാന യോഗത്തിലൂടെ പരമാത്മാവിനെ നേടണം അതുകൊണ്ട് ആദ്യം ജ്ഞാനം

ആവശ്യമാണ്, ജ്ഞാനം കൂടാതെ ഓർമ്മ നിലനിൽക്കുകയില്ല. ഓർമ്മയുടെ സംബന്ധം തന്നെ ജ്ഞാനവുമായാണ്. ഇപ്പോൾ ജ്ഞാനത്തിലൂടെ, മനസ്സുകൊണ്ട് കൽപന നടത്താം അല്ലെങ്കിൽ ഇരുന്ന് ദർശിക്കാം ആ കണ്ട വസ്തുവിന്റെയും ജ്ഞാനം ആദ്യം ഉണ്ടായിരിക്കും അപ്പോൾ മാത്രമാണ് യോഗവും ധ്യാനവും ശരിയായി വയ്ക്കാൻ സാധിക്കുന്നത് അതുകൊണ്ടാണ് പരമാത്മാവ് പറയുന്നത് ഞാൻ ആരാണ്, എന്നോടൊപ്പം എങ്ങനെ യോഗം വയ്ക്കണം, അതിന്റെയും ജ്ഞാനം ഉണ്ടായിരിക്കണം. ജ്ഞാനത്തിനായി പിന്നീട് ആദ്യം സംഗം ആവശ്യമാണ്, ഇപ്പോൾ ഈ എല്ലാ ജ്ഞാനത്തിന്റെ പോയന്റും ബുദ്ധിയിൽ വയ്ക്കണം അപ്പോൾ മാത്രമേ യോഗം ശരിയായി വയ്ക്കാൻ സാധിക്കൂ.

**2) “സൃഷ്ടിയുടെ ആദി എങ്ങനെയായിരിക്കും”**

മനുഷ്യർ ചോദിക്കാറുണ്ട് പരമാത്മാവ് എങ്ങനെയാണ് സൃഷ്ടി രചിച്ചത്? ആദിയിൽ ഏത് മനുഷ്യനെയാണ് രചിച്ചത്, ഇപ്പോൾ അവരുടെ പേരും രൂപവും അറിയാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ അതിൽ അവർക്ക് മനസ്സിലാക്കി കൊടുക്കുന്നു പരമാത്മാവ് സൃഷ്ടിയുടെ ആദി ബ്രഹ്മാ ശരീരത്തിലൂടെയാണ് നടത്തിയത്, ആദി മനുഷ്യനായി ബ്രഹ്മാവിനെയാണ് രചിച്ചത്. അപ്പോൾ ഏത് പരമാത്മാവാണോ സൃഷ്ടിയുടെ ആദി കുറിച്ചത്, അവശ്യം പരമാത്മാവ് ഈ സൃഷ്ടിയിൽ തന്റെ ഭാഗവും അഭിനയിച്ചിട്ടുണ്ട്. ഇപ്പോൾ പരമാത്മാവ് എങ്ങനെയാണ് ഭാഗം അഭിനയിച്ചത്? ആദ്യം പരമാത്മാവ് സൃഷ്ടി രചിച്ചു, അതിൽ തന്നെ ആദ്യം ബ്രഹ്മാവിനെ രചിച്ചു, അങ്ങനെ ആദ്യം ബ്രഹ്മാവിന്റെ ആത്മാവ് പവിത്രമായി, ബ്രഹ്മാവ് പോയി ശ്രീകൃഷ്ണനായി, ആ ശരീരത്തിലൂടെയാണ് ദേവീ ദേവതകളുടെ സൃഷ്ടിയുടെ സ്ഥാപന ചെയ്തത്. അപ്പോൾ ദൈവീക സൃഷ്ടിയുടെ രചന ബ്രഹ്മാ ശരീരത്തിലൂടെയാണ് നടത്തിച്ചത്, അപ്പോൾ ദേവീദേവതളുടെ ആദി പിതാവാണ് ബ്രഹ്മാവ്, ബ്രഹ്മാവ് തന്നെയാണ് ശ്രീകൃഷ്ണനാകുന്നത്, പിന്നീട് അതേ ശ്രീകൃഷ്ണന്റെ അന്തിമ ജന്മമാണ് ബ്രഹ്മാവ്. ഇപ്പോൾ ഇതുപോലെ തന്നെ സൃഷ്ടിയുടെ നിയമം നടന്നു വരുന്നു. ഇപ്പോൾ അതേ ആത്മാവ് സുഖത്തിന്റെ പാർട്ട് പൂർത്തിയാക്കി ദുഃഖത്തിന്റെ പാർട്ടിലേക്ക് വരുന്നു, അപ്പോൾ രജോ തമോ അവസ്ഥ കടന്ന് പിന്നീട് ശൂദ്രനിൽ നിന്ന് ബ്രാഹ്മണനാകുന്നു. അതുകൊണ്ട് നമ്മളാണ് ബ്രഹ്മാവംശിയും ശിവവംശിയുമായ സത്യമായ ബ്രാഹ്മണർ. ഇപ്പോൾ ബ്രഹ്മാവംശിയെന്ന് അവരെയാണ് പറയുന്നത് – ആരാണോ ബ്രഹ്മാവിലൂടെ അവിനാശീ ജ്ഞാനമെടുത്ത് പവിത്രമാകുന്നത്.

**3) ഓം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം**

എപ്പോൾ നമ്മൾ ഓം ശാന്തിയെന്ന വാക്ക് പറയുന്നോ അപ്പോൾ ഏറ്റവും ആദ്യം ഓം എന്ന ശബ്ദത്തിന്റെ അർത്ഥം മനസ്സിലാക്കണം. അഥവാ ആരോടെങ്കിലും ചോദിക്കുകയാണ് ഓം എന്നതിന്റെ അർത്ഥം എന്താണ്? അപ്പോൾ അവർ ഓം എന്നതിന്റെ അർത്ഥം വളരെ നീട്ടി വലിച്ച് കേൾപ്പിക്കുന്നു. ഓം എന്നതിന്റെ അർത്ഥം ഓംകാരമാണ് വലിയ ശബ്ദത്തോടെ കേൾപ്പിക്കുന്നു, പിന്നീട് ഈ ഓം വച്ച് സുദീർഘമായ ശാസ്ത്രം തന്നെ ഉണ്ടാക്കുന്നു, എന്നാൽ വാസ്തവത്തിൽ ഓം എന്നതിന്റെ അർത്ഥം ദൈർഘ്യമേറിയതല്ല. നമുക്ക് സ്വയം പരമാത്മാവ് ഓം എന്നതിന്റെ അർത്ഥം വളരെ സരളവും സഹജവുമായി മനസ്സിലാക്കി തരുന്നു. ഓം എന്നതിന്റെ അർത്ഥമാണ്, ഞാൻ ആത്മാവാണ്, എന്റെ യഥാർത്ഥ ധർമ്മം ശാന്ത സ്വരൂപമാണ്. ഇപ്പോൾ ഈ ഓം ശബ്ദത്തിന്റെ അർത്ഥത്തിൽ ഉപസ്ഥിതനായി കഴിയണം, അപ്പോൾ ഓം എന്നതിന്റെ അർത്ഥമാണ് ഞാൻ ആത്മാവ് പരമാത്മാവിന്റെ സന്താനമാണ്. മുഖ്യമായ കാര്യം ഇതാണ് ഓം എന്നതിന്റെ അർത്ഥത്തിൽ കേവലം സ്ഥിതി ചെയ്യുകയാണ് വേണ്ടത്, ബാക്കി വായിലൂടെ ഓം എന്ന് ഉച്ചരിക്കേണ്ടതിന്റെ ആവശ്യകതയില്ല. അത് ബുദ്ധിയിൽ നിശ്ചയിച്ചുറപ്പിച്ച് മുന്നോട്ട് പോകണം. ഓം എന്നതിന്റെ അർത്ഥം എന്താണോ ആ സ്വരൂപത്തിൽ സ്ഥിതി ചെയ്യണം. ബാക്കി മനുഷ്യർ ഓം എന്നതിന്റെ അർത്ഥം കേൾപ്പിക്കാറുണ്ട് എന്നാൽ ആ സ്വരൂപത്തിൽ സ്ഥിതി ചെയ്യാറില്ല. നമുക്ക് ഓം എന്നതിന്റെ സ്വരൂപത്തെ അറിയാം, അപ്പോഴാണ് അതിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നത്. നമുക്ക് ഇതും അറിയാം പരമാത്മാവ് ബീജരൂപനാണ് ആ ബീജരൂപനായ പരമാത്മാവ് മുഴുവൻ വൃക്ഷത്തെയും എങ്ങനെയാണ് രചിച്ചിരിക്കുന്നത്, അതിന്റെ മുഴുവൻ ജ്ഞാനവും നമുക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ശരി – ഓം ശാന്തി.